തലക്കെട്ട് ഇല്ലാതായ കവിത

നിരഞ്ജൻ

തലക്കെട്ട് ഇല്ലാതായ കവിത
Niranjan
(Malayalam: Poems)

© 2021, Niranjan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Two Men Contemplating the Moon, a painting by Caspar David Friedrich (1774–1840). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 ഓരോ തുള്ളി ചോരയിൽ... 4

2 മാതൃകാസംഭാഷണം 5

3 ഓണം സെയിൽ 6

4 അനുബന്ധം 7

5 പരിധിക്കു പുറത്തുപോയ
രമണൻ 8

6 തലക്കെട്ട് ഇല്ലാതായ കവിത . . 9

1

ഓരോ നുണ്ണി ചോദ്യങ്ങൾ

പഞ്ചായത്തതിർത്തിയിലെ
മൊത്തം രക്തസാക്ഷികൾ
കഴിഞ്ഞ പത്തുവർഷത്തിൽ 17.5
0.5 കണാരേട്ടന്റെ ചെക്കൻ ഷൈജു
ബ്രേക്കില്ലാത്ത സൈക്കിളിൽ
ഇടയിൽ വന്നു വീണതാണെങ്കിലും
ഓനെയും കണക്കിൽപ്പെടുത്തണം

ഇക്കണക്കിൽ മാത്രം
താലൂക്കാസ്പത്രിയിലെ ബ്ലഡ് ബാങ്കിൽ
പഞ്ചായത്തിൽ നിന്ന് മൊത്തം കൊടുത്തത്
18,750 മില്ലി ചോര

വർഷത്തിൽ ശരാശരി
1.75 വെച്ചു നോക്കുമ്പൊ
പ്രതിവർഷം പ്രതി രക്തസാക്ഷി
1071.4286 മില്ലി ചോര

ഇതിൽ തീയന്റെയെത്ര
മാപ്ലയുടെ എത്ര
നായരുടെ എത്ര
എന്നും കൂടി നിങ്ങക്കറിയണെങ്കിൽ
നിങ്ങടെ ചാനലിൽ
എപ്പഴും ലൈനിൽ നിക്കണ ആ പെണ്ണില്ലേ...?
ഓളോട്ട് പോയി ചോദിക്ക്...

2

മാതൃകാസംഭാഷണം



നെറ്റിയിൽ കുറി തൊട്ട്
കൈത്തണ്ടച്ചരട് വലിച്ചുകേറ്റി
മുണ്ടുമടക്കിക്കുത്തിയ
ഒരു ആർഷഭാരതശരീരഭാഷ

ടാർപാളിൻ തട്ടമിട്ട്
കുണുങ്ങിക്കുണുങ്ങി
കാടാമ്പുഴ റൂട്ടിൽ വന്ന
ഒരു ഏറനാടൻ ഓട്ടോറിക്ഷ
തടുത്തുനിർത്തി

"പഥസഞ്ചലനമാണ്
മുന്നോട്ടുപോവരുത്...!"

"മലയാളം പറയെടാ ചെയ്ത്താനേ..."

"അണക്കതിന് മലയാളറിയോടീ പോത്തേ?"

"കാകളിക്കാദ്യപാദാദൗ...
ബാക്കി പറയെടാ ഹമുക്കേ..."

"കാക്കേനെ പറപ്പിച്ച്
വെരട്ടണ്ടെടി കൊണിച്ചീ"

"കൊണിച്ചി അന്റെ പെങ്ങള് ജാമ്പേട്ത്തി
അവിര്ക്ക് സുകല്ലേ?"

"ഉം... യ്യെങ്ങടാ...? ദുബായ്ക്കാശ് പൊടിക്കാന
ല്ലേ?"

"അയ്ക്കാരം... അനക്കെന്തടാ ചേതം?"
"ഒന്ന് പോടി പെണ്ണേ..."

"ഒന്ന് പൊയ്ക്കട ചെക്കാ..."

കരിങ്കല്ലിൽ ചുണയുരച്ച്
സ്ലൈഡ് കുത്തിയ മുറിത്തട്ടത്തുമ്പിൽ
തുടച്ചുനീട്ടിയ കണ്ണിമാങ്ങാമണം
പെട്ടെന്ന് റോഡിലാകെ പരന്നു...
കുടുക്കു പൊട്ടിയ കാക്കിടൗസറിന്റെ
പിടി വിടാൻ പറ്റാത്തനില്പ്പിൽ
ചന്ദനക്കുറി മായ്ച്ചോടിയ
മൂന്നാം ക്ലാസ് കുസൃതിക്കു മുന്നിലെ
പഴയ നിസ്സഹായത
പൊടിഞ്ഞുവന്ന ചിരിയോടെ
ഉറക്കെ വിളിച്ചു

"ബോലോ ഭാരത് മാതാ കീ..."

(ഫെബ്രുവരി 2011.)

3

ഓണം പെയ്തിറ്റ് ഒരു പാലക്കാട് പിടുപ്പോടുകൂടെ ഒരു കഥ ഹ്രീ

(പ്രത്യേക ഓഫർ: കഥയ്ക്കൊപ്പം അനുബന്ധം ഫ്രീ)
കഥ:
ചിങ്ങവെയിൽ തിളങ്ങുന്ന ചുമലിൽ
കമ്പുഴിഞ്ഞുകളഞ്ഞ മുളയിൽ
ഒന്ന് രണ്ട് മൂന്ന് നാല് അഞ്ച് ആറ്
മുമ്മൂന്നെണ്ണം അപ്രത്തുമിപ്രത്തുമായ്
കെട്ടിത്തൂക്കിയ നേന്ത്രക്കുലകളും കൊണ്ട്
ഓട്ടവും നടത്തവുമല്ലാത്തമട്ടിൽ
പെരുമാങ്ങോട്ട് ചന്തയ്ക്ക് താളത്തിൽ പോവുന്ന
അപ്പുണ്ണിത്തരകന്റെ വിയർത്ത ചിരിയിലുണ്ടാവും
കൂട്ടിയും കിഴിച്ചും ഗുണിച്ചും കുറേ സന്തോഷങ്ങൾ

വിലാസിനിക്ക് പാവാടയും ജമ്പറും
ഹരിദാസന് കോളേജ് ഫീസും രണ്ട് ഡബിൾ മുണ്ടും
കല്യാണിക്ക് കസവുവേഷ്ടി
അമ്മയ്ക്ക് മൂന്നു മാസത്തേക്ക് കുഴമ്പ്
സൊസൈറ്റിയിൽ നിന്ന് പൊട്ടാഷും യൂറിയയും
ചെർപ്പുളശ്ശേരി ആനന്ദിന്റെ വെള്ളിത്തിരയിൽ
തച്ചോളി മരുമകൻ ചന്തു
ഒന്ന് രണ്ട് മൂന്ന് നാല് അഞ്ച് ആറ്
എന്നൊക്കെ തിരിച്ചും മറിച്ചും
കൂട്ടിയും കിഴിച്ചും ഗുണിച്ചും കുറേ സന്തോഷങ്ങൾ

ടൈപ്പിനുവിട്ട വിലാസിനിക്ക്
ദിവസത്തിന്റെ കണക്കുതെറ്റി
വിപ്ലവത്തിനുപോയ ഹരിദാസന്
കണക്കുകൂട്ടിയതൊക്കെത്തെറ്റി
മഞ്ഞരളിക്കായ, എൻഡ്രിൻ
എന്ന് രണ്ടാളും കണക്കുവെട്ടി
പിന്നെ കയ്യ, കുമ്പളം ,നേന്ത്ര
വെള്ളരി, തെങ്ങ്, കവുങ്ങ്
ഒന്ന് രണ്ട് മൂന്ന് നാല് അഞ്ച് ആറ്
എന്നങ്ങനെ ഓരോരുത്തരോരോരുത്തരായി
ഓരോരുത്തരോരോരുത്തരായി...

4

അനുബന്ധം



ബാങ്കിലെ ഓണസ്സദ്യ കഴിഞ്ഞ്
കൈകഴുകിവരുമ്പോൾ
“ഒരു കയിൽ പഴപ്രഥമനിലറിയാം
വാഴ നനച്ചതിന്റെ കണക്ക്”
എന്ന് പ്രസിഡണ്ട് തമാശപറയുമ്പോൾ
ഉള്ളൊക്കെ ഉറക്കുത്തിപ്പോയ
ഉണങ്ങിയ മുളപോലെ
തിണ്ണയിൽചാരിയിരിപ്പുണ്ട്
അവസാനത്തെ പന്തിയും കാത്ത്
അപ്പുണ്ണിത്തരകൻ
എണ്ണക്കം തെറ്റിയ ഓർമ്മകളിലേക്ക്
വീണ്ടും വിരൽമടക്കുന്നുണ്ട്
ഒന്ന് രണ്ട് മൂന്ന് നാല് അഞ്ച് ആറ്...

5

പരിധിക്കു പുറത്തുപോയ രമണൻ



സംസാരജടിലവും
മാംസനിബദ്ധവുമായ
സാംസംഗ് മൊബൈൽ
പൂർവ്വാശ്രമത്തിലെ
നമ്പറിനോടൊപ്പം
മാറ്റിയതാണ്

ആത്മീയതയിലേക്ക്
നോക്കാൻ തുടങ്ങിയപ്പോഴാണ്
ഈ നോക്കിയ വാങ്ങിയത്...
തിളങ്ങുന്ന ശുഭ്രതയിൽ
മൃദുസ്പർശസൗകര്യത്തോടെ...

എപ്പോഴും ചാർജ്ജിൽ വെച്ച്
ഓഫാക്കിയിടലാണ്
സന്യാസത്തിന്റെ പരമകാഷ്ഠയെന്ന്
കഴിഞ്ഞ സെഷനിൽ
സ്വാമിജി പറഞ്ഞു തന്നതാണ്

ഞാൻ പരിധിക്കു പുറത്താണെന്നുള്ളത്
നിന്റെ ഒരു തോന്നൽ മാത്രമാണ്
സത്യത്തിൽ ഞാനിപ്പോൾ
എന്റെ വരുതിക്കുള്ളിലാണ്...!

ഇല്ലാതായ പഴയ ഫോണിലെ
പഴയ സംസാരങ്ങൾ
ദേഹം നഷ്ടപ്പെട്ട ദേഹി പോലെ
അലയുന്നുണ്ടാവാം...

ഒരു പക്ഷേ,
നിന്റെ ഫോൺ കിടന്നുറങ്ങുന്ന
തലയിണച്ചുവട്ടിലും
ഉറക്കം കെടുത്തുന്ന
തരംഗദൈർഘ്യത്തിൽ...

എങ്കിലും ചന്ദ്രികേ...
ഇതാശ്രമമാണ്...
ഇപ്പോൾ സത്സംഗമാണ്
സാംസംഗിനെക്കുറിച്ച് പറയരുത്...!

(ജനുവരി 2011.)

6

തലക്കെട്ട് ഇല്ലാതായ കവിത

വിഷാദത്തിന്റെ ഉരുൾപൊട്ടിവീണ്
ഒറ്റപ്പെട്ടുപോയൊരു താഴ്വരയിൽ
അടയാളപ്പെടുത്താൻ അടുക്കിക്കിടത്തിയ
വെള്ളത്തുണിക്കെട്ടുകളുടെ ഇടയിലെന്നപോലെ
വരിയകലത്തിൽ
സ്വന്തമർത്ഥം തിരഞ്ഞുകൊണ്ടിരിക്കുന്ന
കറുത്ത പർദ്ദയിട്ട ഒരു വാക്ക്
കരച്ചിലടക്കിനിൽക്കുന്നു

തണുത്തുറഞ്ഞ മഞ്ഞിലേക്ക്
എപ്പോഴെങ്കിലും
എപ്പോഴെങ്കിലും
ആകാശത്തുനിന്ന് ചിതറിവീഴാവുന്ന
പൊതിക്കെട്ടുകളെപ്പോലെ
നിശ്ശബ്ദതയിൽ നിന്ന് പെറുക്കിയെടുക്കേണ്ട
അർത്ഥങ്ങൾ തിരയുന്ന
അഭയാർത്ഥികളാണെങ്ങും
മുഷിഞ്ഞ ഭാണ്ഡങ്ങൾ പേറി
വീടുപേക്ഷിച്ചുപോവുന്ന വാക്കുകളുടെ
മുഖം കുനിച്ച നടത്തമാണ്
ഇറങ്ങിപ്പോകുന്ന വഴികളിൽ

മുൾവേലികളിൽ കുരുങ്ങി
അക്ഷരങ്ങളൂർന്നുപോയ ഭാഷയുടെ
നഗ്നമായ നീറലുകൾ
കരച്ചിലായി മാത്രം പരിഭാഷപ്പെടുന്ന
അതിർത്തികളിലൊന്നിൽ
കാത്തുകാത്ത് വരിനിൽക്കുകയാണ്
ഈ കവിത

(പലായനത്തിനും നിസ്സഹായതയ്ക്കുമിടയിലെ
ഒരു തോന്നലിലാവണം
കഴുത്തിൽ കുടുക്കിട്ട്
ഈ കവിതയെ തട്ടിമറിച്ചിട്ട്
തലക്കെട്ടും പിടഞ്ഞുപിടഞ്ഞവസാനിച്ചത്.)

□

നിരഞ്ജൻ

പാലക്കാട്ട് അടയ്ക്കാപുത്തൂരിൽ ജനനം.
മറൈൻ എൻജിനീയർ, വിവാഹിതൻ.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചുഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014